പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 280 — 19.07.2016 ൽ മറുപടിക്ക്

## റോഡ് സേഫ്റ്റി കോർ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>,, വി. അബ്ദുറഹിമാൻ<br>,, കെ.ജെ. മാക്സി<br>,, രാജു എബ്രഹാം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | റോഡ് സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു റോഡ് സേഫ്റ്റി കോർ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിയ്ക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബഹു. ഗവർണ്ണർ നയമസഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. തദനുസൃതമായി റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനു വേണ്ടിയാണ് സ്റ്റുഡൻസ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ റോഡ് സേഫ്റ്റി കോർപ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂൾ കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ അവരെ പങ്കാളിയാക്കാനുമാണ് ഇതിന്റെ രൂപീകരണംകൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) | മികച്ച റോഡ് സുരക്ഷയ്ക്കായി പൊതുഗതാഗത സേവനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ? | (സി) | സംസ്ഥാനത്തെ മുഴുവൻ പൊതു ഗതാഗത വാഹനങ്ങളിലും ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടമായി എല്ലാ സ്വകാര്യ ബസ്സുകളിലും ജി.പി.എസ് അധിഷ്ഠിത നിരീക്ഷണ സംവിധാനം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്കു മോട്ടോർ വാഹന വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന് C-DAC നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 2014-15 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലുമാണ്. ഈ സംവിധാനം വഴി വാഹനത്തിന്റെ നിലവിലെ സ്ഥാനം, വേഗത നിയന്ത്രണ ലംഘനം, നിർദിഷ്ട പാതയിൽ നിന്നുള്ള വ്യതിചലനം എന്നിവ കൺട്രോൾ റൂമിലിരുന്ന് നിരീക്ഷിക്കാൻ കഴിയും. കൂടാതെ സ്ത്രീ സുരക്ഷ ഉറപ്പു വരുത്തുന്നതിലേക്കായി എമർജൻസി (panic) ബട്ടൺ സംവിധാനം ഇതിന്റെ അനുബന്ധമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ